I/116536/2023

**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. പ്രിയങ്ക ജി IAS)

വിഷയം:- വനിത ശിശു വികസന വകുപ്പ് –കാതോർത്ത് പദ്ധതി 2023-24 വർഷം നടപ്പാക്കുന്നതിന് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം: 20.06.2023 തീയതിയിലെ G.O(Rt)370/2023/WCDD നമ്പർ സർക്കാർ ഉത്തരവ്.

**ഉത്തരവ് നം. DWCD/2282/2023-WEC4 തീയതി: 19-09-2023**

സമൂഹത്തിൽ വിവിധതരം പ്രശ്നങ്ങൾ നേരിടുന്ന സ്ത്രീകൾക്ക് കൗൺസലിംഗ്, നിയമ സഹായം, പോലീസ് സഹായം എന്നിവ ലഭ്യമാക്കുന്നതിന് ഓൺലൈൻ കൺസൾട്ടേഷൻ നൽകുന്ന കാതോർത്ത് പദ്ധതി വകുപ്പ് മുഖേന നടപ്പാക്കി വരുന്നു. ടി പദ്ധതി 2023-24 സാമ്പത്തിക വർഷം നടപ്പാക്കുന്നതിന് ഭരണാനുമതി നൽകി പരാമർശം പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഓരോ ജില്ലയിലും 400 consultation നടത്തുന്നതിനും, പദ്ധതി നടത്തിപ്പിനുള്ള ഓൺലൈൻ പ്ലാറ്റ്ഫോം വാങ്ങുന്നതിനും, നെറ്റ് റീചാർജിംഗിനുമായി ആകെ 18,90,000/- രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളത്.

ആയതിൽ ആദ്യ ഘട്ടമായി ഒരു ജില്ലയ്ക്ക് 100 consultation നടത്തുന്നതിനും, ഓൺലൈൻ പ്ലാറ്റ്ഫോം വാങ്ങുന്നതിനുള്ള തുകയും, നെറ്റ് റീചാർജിംഗിനുള്ള തുകയും ആദ്യ ഗഡുവായി നൽകാവുന്നതാണ്. ആയതിന്റെ യു.സി/എസ്.ഒ.ഇ ലഭിക്കുന്ന മുറയ്ക്ക് ബാക്കി തുക അനുവദിക്കുന്നതാണ്. അനുവദിക്കുന്ന തുക വിവരം ചുവടെ ചേർക്കുന്നു.

| Sl.No | Particulars | Amount |
|---|---|---|
| 1 | Number of consultation Per district | 100 |
| 2 | Amount required for payment for consultation @ Rs. 250/- for one district | 25,000/- |
| 3 | Expense for purchase of online platform for one year for one district | 25,000 |
| 4 | Expense for net recharging and other maintenance for six months for one district | 5,000 |
| 5 | Total Expense for one District | 55,000 |
| 6 | Total expense for 14 state(55,000*14) | 7,70,000/- |

ടി സാഹചര്യത്തിൽ കാതോർത്ത് പദ്ധതി 2023-24 സാമ്പത്തിക വർഷം നടപ്പാക്കുന്നതിന് ആദ്യ ഘട്ടമായി ഒരു ജില്ലയ്ക്ക് 100 consultation നടത്തുന്നതിനും, ഓൺലൈൻ പ്ലാറ്റ്ഫോം വാങ്ങുന്നതിനും, , നെറ്റ് റീചാർജിംഗിനുമായി 55,000/- രൂപ വീതം എല്ലാ ജില്ലകൾക്കുമായി ആകെ 7,70,000/- രൂപ(ഏഴു ലക്ഷത്തി എഴുപതിനായിരം രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു. ജില്ല വനിത ശിശു വികസന ഓഫീസർമാർ ഹബ് ഫോർ എംപവർമെന്റ് ജീവനക്കാരുടെ സേവനം പ്രയോജനപ്പെടുത്തി ടി പദ്ധതി കാര്യക്ഷമമായി നടപ്പാക്കേണ്ടതും, യു.സി, എസ്.ഒ.ഇ എന്നിവ യഥാസമയം സമർപ്പിക്കേണ്ടതുമാണ്.

ടി ആവശ്യത്തിനുള്ള 7,70,000/- രൂപ നടപ്പ് സാമ്പത്തിക വർഷം 2235-02-103-68-03(P) വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും വഹിക്കേണ്ടതാണ്.

(ഒപ്പ്)

**വനിത ശിശു വികസന ഡയറക്ടർ**

എല്ലാ ജില്ല വനിത ശിശു വികസന ഓഫീസർമാർക്കും.

പകർപ്പ് :

1. സൂപ്രണ്ട്, എ സെക്ഷൻ(അലോട്മെന്റ് നൽകുന്നതിനായി)
2. സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

I/116536/2023

സൂപ്രണ്ട്

Signed by Priyanka G
Date: 19-09-2023 16:50:23